ശ്രീ. കെ. പി. മോഹനൻ : സർ, റബ്കോയിൽ നിന്ന് കൃഷി വകപ്പിന് ഇങ്ങനെ ഒരു അപേക്ഷ ലഭിച്ചിട്ടില്ല. അപേക്ഷ ലഭിച്ചാൽ അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

മിഷൻ 676-ലെ പദ്ധതികൾ

3 T*(123) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ എത്ര പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അവയിൽ നാളിതുവരെ പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(ബി) സമയബന്ധിതമായി പൂർത്തീകരിക്കേണ്ട പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) : സർ,

(എ) മിഷൻ 676 -ൽ 348 പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയിൽ 76 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മിഷൻ 676 -ൽ വിവിധ വകപ്പുകൾ പ്രത്യേകം തെരഞ്ഞെടുത്ത പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ പുരോഗതി ബന്ധപ്പെട്ട മന്ത്രിയും വകുപ്പുതലവൻമാരും വകുപ്പുതല ഉദ്യോഗസ്ഥരും വിലയിരുത്തിവരുന്നു. ഇതിനുപുറമേ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനും ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും എല്ലാ വകുപ്പ് സെക്രട്ടറിമാരുമായും വിശദമായ ചർച്ച നടത്തി പദ്ധതികൾ പ്രാവർത്തികമാക്കാനുള്ള ശുപാർശയും നൽകിവരുന്നു.

(സി) പദ്ധതിയുടെ നടത്തിപ്പിൽ സാങ്കേതിക തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എൻ. ജയരാജ് : സർ, മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഈ സർക്കാരിന്റെ കാലത്തുതന്നെ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണോ ; കഴിഞ്ഞ വർഷം ആരംഭിച്ച ചില പദ്ധതികൾ പൂർത്തികരിക്കാൻ ഇനിയും സമയം ആവശ്യമായി വരുന്നതായി കാണുന്നു. അത്തരം പദ്ധതികൾ പൂർത്തീകരിക്കുവാൻ ആവശ്യമായിട്ടുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോസഫ് : സർ, മിഷൻ 676 പ്രഖ്യാപിച്ചത് 30-4-2014-ലെ ക്യാബിനറ്റ് യോഗമാണ്. ഈ സർക്കാരിന്റെ അവശേഷിക്കുന്ന രണ്ടുവർഷക്കാലാവധിയിൽ പൂർത്തിയാക്കുവാൻ കഴിയുന്ന ചില പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. അതിന് സാമ്പത്തിക പ്രശ്നങ്ങളുണ്ട്. ആവശ്യമായ ഫണ്ട് കണ്ടെത്താൻ വേണ്ടി നടപടി സ്വീകരിക്കുന്നുണ്ട്. ഇത് ഒരു ടൈം ബൗണ്ട് പ്രോഗ്രാമാണ്. ഇതിന്റെ പുരോഗതി ഓരോ ഘട്ടത്തിലും ബന്ധപ്പെട്ട മന്ത്രിമാരും പ്ലാനിംഗ് ബോർഡും മോണിറ്റർ ചെയ്യുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവ് തടസ്സമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല.

ഡോ. എൻ. ജയരാജ് : സർ, മിഷൻ 676 ഉൾപ്പെടെ നമ്മുടെ പദ്ധതികളുടെ നടത്തിപ്പിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം നമ്മുടെ മനോഭാവങ്ങളും ആവശ്യമില്ലാത്ത നടപടിക്രമങ്ങളുമാണ്. യഥാർത്ഥത്തിൽ ഇത്തരം ഒരു പദ്ധതിക്ക് രൂപം നൽകിയതുതന്നെ അത്തരം നടപടിക്രമങ്ങൾ തരണം ചെയ്ത് മുന്നോട്ടുപോകുന്നതിനാണ്. പ്രഖ്യാപിച്ച പദ്ധതികൾ കാലാവധിക്കുള്ളിൽത്തന്നെ പൂർത്തീകരിക്കുവാൻ ആവശ്യമായിട്ടുള്ള ഇടക്കാല വിലയിരുത്തലുകൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ അതുമായി ബന്ധപ്പെട്ട മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ കൃത്യമായി നടത്തുന്നുണ്ടോ ?

ശ്രീ. കെ. സി. ജോസഫ് : സർ, ഇതൊരു പ്രധാനപ്പെട്ട കാര്യമാണ്. ടൈം ബൗണ്ട് നടത്തിപ്പ് ഉണ്ടാക്കണം. ഈ ഗവൺമെന്റ് ആദ്യം പ്രഖ്യാപിച്ചത് നൂറുദിവസത്തെ പരിപാടിയാണ്. ഈ പരിപാടിയിൽ പ്രഖ്യാപിച്ച 134 പദ്ധതികളിൽ 132 പദ്ധതികളും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. മിഷൻ 676-ൽ പറയുന്ന കാര്യങ്ങളും സമയബന്ധിതമായി മോണിറ്റർ ചെയ്യുന്നുണ്ട്. മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ അതിന് ഒരു ഇടക്കാല വിലയിരുത്തൽ കൂടി ആലോചിക്കുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ആസൂത്രണ ബോർഡിന്റെ പദ്ധതി നടത്തിപ്പ് പരിഗണിക്കുമ്പോൾ മിഷൻ 676-ൽ ഉൾപ്പെട്ട പദ്ധതികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ, മിഷൻ 676 -ൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതികൾക്ക് മുൻഗണന കൊടുക്കുന്നുണ്ട്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, ഈ പദ്ധതി വിഭാവനം ചെയ്യുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ജനങ്ങൾക്ക് അവരുടെ പരാതികൾ മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും മുൻപിൽ പറയാനുള്ള അവകാശം നൽകുമെന്നാണ്. രാജസ്ഥാൻ മാതൃകയിൽ വേണമെങ്കിൽ നിയമനിർമ്മാണം വരെ നടത്തുമെന്ന് അദ്ദേഹം പറയുന്നുണ്ട്. അങ്ങനെ ഒരു സാഹചര്യം നിലവിലുണ്ടോ; നിയമനിർമ്മാണം പരിഗണനയിലുണ്ടോ ?

ശ്രീ. കെ. സി. ജോസഫ് : സർ, രാജസ്ഥാൻ മാതൃകയിലുള്ള ഒരു നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. അതിന് അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പാഠപുസ്തകങ്ങളുടെ അച്ചടി

4 (*124) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അച്ചടിശാലകളിൽ ഈ അദ്ധ്യയന വർഷത്തേക്കുള്ള എത്ര പാഠപുസ്തകങ്ങളാണ് അച്ചടിക്കാൻ ലഭ്യമായിട്ടുള്ളത് ;

(ബി) പാഠപുസ്തകങ്ങളുടെ അച്ചടിക്കായിട്ടുള്ള ഉത്തരവ് എന്നാണ് നൽകിയതെന്നും അച്ചടിയുടെ പുരോഗതി എന്തെന്നും വ്യക്തമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) 2015-16 അദ്ധ്യയനവർഷം 3,73,15,500 പാഠപുസ്തകങ്ങളുടെ അച്ചടി നടത്തുന്നതിനായി 10-2-2015-ൽ കെ.ബി.പി.എസ്.-ന് പ്രിന്റ് ഓർഡർ നൽകിയിരുന്നു. 23,326,800 പുസ്തകങ്ങൾ Vol. I ആയും 1,39,88,700 പുസ്തകങ്ങൾ Vol. II ആയും